(സി) നിയമവിരുദ്ധമായി പ്രസ്തുത ചട്ടം റദ്ദാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 1986-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ടിൽ കേടുവന്ന വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് ഒന്നുംതന്നെ പ്രതിപാദിക്കുന്നില്ല. എന്നാൽ പ്രസ്തുത ആക്ട് പ്രകാരം തയ്യാറാക്കിയിട്ടുള്ള വാട്ടർ സപ്ലൈ റവല്യൂഷൻ 1991 പ്രകാരം കേടുവന്ന വാട്ടർ മീറ്റർ സ്ഥാപിക്കേണ്ട ചുമതല ഉപഭോക്താവിനാണ്.

(ബി) 1986-ലെ വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ടിൽ വാട്ടർ മീറ്റർ സ്ഥാപിക്കേണ്ട ചുമതല വാട്ടർ അതോറിറ്റിക്കാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇത് വാട്ടർ കണക്ഷൻ നല്കുന്ന സമയത്ത്, പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ളതാണ്. എന്നാൽ കേടുവന്ന വാട്ടർ മീറ്റർ സ്ഥാപിക്കന്ന ചുമതല പ്രസ്തുത ആക്ട് പ്രകാരം തയ്യാറാക്കിയിട്ടുള്ള വാട്ടർ സപ്ലൈ റഗുലേഷനിൽ പ്രതിപാദിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ആക്ട് അനുസരിച്ച് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ റഗുലേഷനുകൾ വാട്ടർ അതോറിട്ടിക്ക് തയ്യാറാക്കാവുന്നതാണ്. അപ്രകാരം തയ്യാറാക്കിയ വാട്ടർ സപ്ലൈ റഗുലേഷൻ-1991 അനുസരിച്ചാണ് വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. പ്രസ്തുത ചട്ടം നിയമവിരുദ്ധമല്ല.

പട്ടികവർഗ്ഗ ഹോസ്റ്റലുകൾക്ക് നല്കുന്ന സാമ്പത്തിക സഹായങ്ങൾ

21 (*640)ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ഹോസ്റ്റലുകൾക്ക് നല്കുന്ന സാമ്പത്തിക സഹായങ്ങൾ ഫണ്ടിന്റെ അപര്യാപ്തതമൂലം നിർത്തിവച്ചിട്ടുണ്ടോ;

(ബി) ഇത്തരം പല ഹോസ്റ്റലുകളും പ്രവർത്തനം നിലച്ച അവസ്ഥയാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതെങ്കിലും ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത ഹോസ്റ്റലുകൾക്ക് അടിയന്തിര സഹായം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഇല്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ചില ഹോസ്റ്റലുകളിലെ ഏതാനും മാസത്തെ ഭക്ഷണ ചെലവ് തുക നല്കാൻ കാലതാമസം നേരിട്ടിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ ഹോസ്റ്റലുകൾക്കും ആവശ്യമായ തുക ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly